25-2-2015 പ്രകാരം കത്ത് അയച്ചിരുന്നു. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമല്ലാതിരുന്നതിനാലും 2015-16-ലെ പദ്ധതിവിഹിതത്തിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും SMILE പദ്ധതിയിലുൾപ്പെടുത്തി 'ടി' നീന്തൽക്കുളനിർമ്മാണം നടപ്പിലാക്കാനാകുമോ എന്നതും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി കായികയുവജന കാര്യാലയത്തിലേയ്ക്ക് 8-4-2015-ലെ KSSC/B3/2377/14 നമ്പർ കത്ത് റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച സർക്കാർ ഹയർ കായിക യുവജനകാര്യ (എ) വകുപ്പിൽ ലഭ്യമാണ്.

ചലച്ചിത്ര രംഗത്തെ പരിഷ്കരണം

312 (316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള തുടങ്ങിയവയുടെ പരിഷ്കരണം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഫിലിം സബ്സിഡി തുകയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് തുക വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ്കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നടത്തിപ്പ്. ജെ.സി. ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോളപുരസ്കാരം, സംസ്ഥാന ചലച്ചിത്ര അവാർഡുകളെ സംബന്ധിച്ച സമിതിയുടെ നിരീക്ഷണ ശിപാർശകൾ, സിനിമാ സബ്സിഡി സംബന്ധിച്ച നിർദ്ദേശങ്ങൾ, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, നിലവിലുള്ള സിനിമാ റെഗുലേഷൻ ആക്ട് ഉടച്ചുവാർത്ത് പുതിയ നിയമം കൊണ്ടുവരുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ഒരു ചലച്ചിത്ര ആർക്കൈവ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ, ചലച്ചിത്രമേളയ്ക്ക് തിയേറ്റർ സമുച്ചയം തുടങ്ങിയ മറ്റ് നിർദ്ദേശങ്ങളുമാണ് സമിതിയുടെ പരിഗണനയിലുള്ളത്.

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേളയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച സമിതിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സമിതിയുടെ റിപ്പോർട്ടിലെ അവാർഡ് നിർണ്ണയം സംബന്ധിച്ചുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അവാർഡ് ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിൽ ചലച്ചിത്രമേളയുടെ നടത്തിപ്പു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ എണ്ണം 139 ആയി കുറച്ചു.
2. ഡെലിഗേറ്റ് ഫീ ഏകീകരിച്ച് 500 രൂപയായി നിശ്ചയിച്ചു. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്ക് 300 രൂപയായി നിശ്ചയിച്ചു.
3. ഡെലിഗേറ്റ് രജിസ്ട്രേഷൻ ചുമതലകൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും സംയുക്തമായാണ് നിർവ്വഹിച്ചത്.
4. ഡെലിഗേറ്റുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്ന തരത്തിൽ അപേക്ഷാഫോറം പരിഷ്കരിച്ചു.
5. സമിതി നിർദ്ദേശപ്രകാരം ഓരോ പ്രദർശനവും കഴിഞ്ഞാലുടൻ കൃത്യസമയത്തുതന്നെ അടുത്ത പ്രദർശനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കി.
6. ശ്രദ്ധാഞ്ജലി പരമ്പരയിൽ സിനിമയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തികളെപ്പറ്റിയുള്ള 100 പേജിൽ കവിയാത്ത പുസ്തകങ്ങൾ ഫെസ്റ്റിവൽ വേദിയിൽ പ്രകാശനം ചെയ്യണമെന്നുള്ള സമിതി തീരുമാനം നടപ്പിലാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7. മേളയ്ക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതും ഉദ്ഘാടന ചിത്രം തീരുമാനം നിശ്ചയിക്കുന്നതും വിദഗ്ധ സമിതി അംഗീകരിച്ചതിനു ശേഷമായിരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

8. മേള തുടങ്ങുന്നതിനു മുമ്പേ ഫെസ്റ്റിവൽ കാറ്റലോഗ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി.

9. മത്സരചിത്രങ്ങൾ കൂടുതൽ സീറ്റുകളുള്ള തീയേറ്ററുകളിൽ പ്രദർശിപ്പിക്കണമെന്ന വിദഗ്ധ സമിതി നിർദ്ദേശം നടപ്പിലാക്കി.

10. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചെലവ് കുറച്ച് നടത്തുവാൻ കഴിഞ്ഞു.

11. ഫെസ്റ്റിവൽ ബുള്ളറ്റിൻ നിലവാരമുള്ള നിലയിൽ പ്രസിദ്ധീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

12. സമിതി തീരുമാനം അനുസരിച്ച് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 18 മലയാള ചിത്രങ്ങൾ ഫിലിം മാർക്കറ്റിംഗിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര ജൂറിയെ നിയോഗിച്ച് വിലയിരുത്തി അതിൽ നിന്നും 4 ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മാണ പുരോഗതി

313 (317) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി നിർമ്മാണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ധനകാര്യ വകുപ്പുമന്ത്രിമാരാണ് പ്രഖ്യാപനങ്ങൾ നടത്തിയത് ; ഓരോ ധനമന്ത്രിയും എത്ര തുക വീതമാണ് നീക്കിവെച്ചത് ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഫിലിം സിറ്റി നിർമ്മാണത്തിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിക്കുന്നതിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഉണ്ടായിട്ടുള്ളത് ;

(ഇ) കെ.എസ്.എഫ്.ഡി.സി.-ക്ക് സ്ഥലം കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയോ ;